LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വിഭാഗങ്ങൾക്കുള്ള കേന്ദ്ര ഫണ്ട്

302 (1010) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗങ്ങൾക്കായി 2014-15 സാമ്പത്തിക വർഷം ലഭ്യമായ കേന്ദ്ര ഫണ്ടിന്റെ വിശദാംശം നൽകാമോ ;

(ബി) ലഭ്യമായ ഫണ്ടിന്റെ എത്ര ശതമാനം നാളിതുവരെ ചെലവഴിച്ചിട്ടുണ്ട് ;

(സി) കേന്ദ്രത്തിൽനിന്നും പട്ടികജാതി വികസനത്തിനായി കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ഇതുവരെ ലഭ്യമായ കേന്ദ്ര ഫണ്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

ക്രമനം	പദ്ധതി	ലഭിച്ച തുക
1.	9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (100 % കേന്ദ്ര സഹായം)	1159.33 ലക്ഷം (Ad-hoc CA)
2.	വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരുന്നവരുടെ കുട്ടികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്ര സഹായം)	35,000
3.	പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്ര സഹായം)	30.53 കോടി (Ad-hoc CA)

(ബി)

ക്രമനം	പദ്ധതി	ചെലവ് (ലക്ഷത്തിൽ)
(1)	(2)	(3)
1.	പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (100 % കേന്ദ്ര സഹായം)	7000

(1)	(2)	(3)
2.	വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരുന്നവരുടെ ആശ്രിതരുടെ ഉന്നമനം (100% കേന്ദ്ര സഹായം)	
3.	9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്ര സഹായം)	ഡാറ്റാ എൻട്രി നടന്നു വരുന്നതേയുള്ളൂ

(സി) 1. SCA to SCSP

2. പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരമുയർത്തൽ (100% കേന്ദ്ര സഹായം)

3. BJRCY ഹോസ്റ്റൽ നിർമ്മാണം (ആൺകുട്ടികൾ 50% കേന്ദ്ര സഹായം, പെൺകുട്ടികൾ 100% കേന്ദ്ര സഹായം)

4. PCR & POAAct 50% കേന്ദ്ര സഹായം

എന്നീ പദ്ധതികൾക്ക് സഹായം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

പട്ടികജാതി ക്ഷേമത്തിനായി 2013-14-ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക

303 (1011) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി ക്ഷേമത്തിനായി 2013-14 ബഡ്ജറ്റിൽ വകയിരുത്തിയ തുകയെത്ര ; ഓരോ ഹെഡ്ഡിലും വകയിരുത്തിയ തുകയും ചെലവും പ്ലാൻ/നോൺ-പ്ലാൻ തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ചെലവിൽ ഡിപ്പോസിറ്റായി മാറിയ തുകയെത്ര; അതിൽ നാളിതുവരെ ചെലവാക്കിയതെത്ര ; ഈയിനത്തിൽ അവശേഷിക്കുന്ന തുക ഏതെല്ലാം ഏജൻസികളിൽ എത്രയെന്നു വെളിപ്പെടുത്തുമോ ;

(സി) 2014-15 ബഡ്ജറ്റിൽ ഓരോ ഹെഡ്ഡിലും പ്ലാൻ/നോൺ-പ്ലാൻ തിരിച്ച് വകയിരുത്തിയ തുകയെത്രയെന്നും, ചെലവ് എത്രയെന്നും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly